**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6517** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിലെ എത്ര പേർക്ക് എത്ര ലക്ഷം രൂപയാണ് വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായം മുഖേന അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 229 പേർക്ക് ആകെ 58,50,500/- (അമ്പത്തിയെട്ട് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 71 പേർക്ക് ആകെ 4,76,164/- (നാല് ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുനൂറ്റി അറുപത്തി നാല് രൂപ മാത്രം) രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. മാർ മുഖേന നൽകുന്ന ചികിത്സാ സഹായ അപേക്ഷകളുടെ തൽസ്ഥിതി അറിയാൻ സി.എം.ഡി.ആർ.എഫ്. ൽ ഉള്ളതുപോലെയുള്ള സംവിധാനം വകുപ്പിൽ നടപ്പിലാക്കുമോ; വ്യക്തമാക്കാമോ? | (ബി) | എം.എൽ.എ.മാർ മുഖേന നൽകുന്ന ചികിത്സാ സഹായ അപേക്ഷകളുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം ടി ഗ്രാന്റ്സ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി തയ്യാറാക്കുന്ന Online Application സംവിധാനം നിലവിൽ വരുന്നതോടെ അപേക്ഷകളുടെ സ്റ്റാറ്റസ് അറിയാൻ കഴിയുന്നതാണ്. ഓൺലൈൻ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ